# മുകുളം



## G H S S PANNUR

**KIZHAKKOTH,KOZHIKODE**

# ആമുഖം

വിദ്യാർത്ഥികളുടെ സർഗ്ഗശേഷി പരിപോഷിപ്പി ക്കുന്നതിനും. ആധുനിക സാങ്കേതിക വിദ്യയുടെ  സഹായത്തോടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻമുകുളം, സോഷ്യൽ മീഡിയയുടെ അതിപ്രസരം വായനയും എഴുത്തും കുറഞ്ഞുവരുന്ന ഈ കാലത്ത് അതിനെ മറികടക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നുള്ളതാണ് ഇതിന്റെ ഉദ്ദേശം. സ്വതന്ത്ര സോഫ്റ്റ്‌വെയർ ആയ  സ്ക്രൈബസ് ഉപയോഗിച്ച് എഴുത്തും വരെയും ഉൾപ്പെടുത്തിക്കൊണ്ട് നൂതന ഡിസൈനിങ് സങ്കേതം കൈറ്റ് അംഗങ്ങൾക്ക് കരഗതമാക്കാൻ ഈയൊരു പ്രവർത്തനത്തിലൂടെസാധ്യമായി.ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായ വിദ്യാർത്ഥികളെയും അധ്യാപകരെയും അഭിനന്ദിക്കുന്നു.

HEAD MISTRESS
GHSS PANNUR

# ഞാനും എന്റെ താറാവ് കുട്ടികളും

ഒരു ദിവസം രാവിലെ ഞാനും കൂട്ടുകാരും സഹോദരങ്ങളും കൂടി മുറ്റത്തു കളിച്ചു കൊണ്ടിരിക്കുമ്പോൾ റോഡ് സൈഡിലൂടെ താറാവിനെ വിൽക്കുന്ന വണ്ടിയുമായി പോകുന്നത് കണ്ടു .എന്റെ അനിയൻ അത് കണ്ടു വീട്ടിൽ വന്നു വാശി പിടിച്ചു കരഞ്ഞു.താറാവിനെ വേണം എന്ന് പറഞ്ഞു .അങ്ങനെ ഒരു വിധം ഉമ്മ സമ്മതിച്ചു .മൂന്നു താറാവ് കുഞ്ഞുങ്ങളെ വാങ്ങിച്ചു .ഒന്ന് എനിക്ക് ,ഒന്ന് അനിയന്,ഒന്ന് അനിയത്തിക്കും .പിന്നെ ഞങ്ങൾ താറാവിന്റെ കൂടെയായി കളിയൊക്കെ .താറാവിന് നീന്താൻ ചെറിയ കുളമൊക്കെ ഉണ്ടാക്കി .അവർക്കു താമസിക്കാൻ ഒരു കൂടും .അങ്ങനെ ദിവസങ്ങൾ കടന്നു പോയി ഒരു ദിവസം അത് സംഭവിച്ചു .ഞാൻ എന്റെ മൂത്തമ്മയുടെ വീട്ടിൽ താമസിക്കാൻ പോയതായിരുന്നു . ആ സമയം എന്റെ അനിയൻ സൈക്കിൾ ഓടിക്കുമ്പോൾ അറിയാതെ എന്റെ താറാവ് കുഞ്ഞിന്റെ മുകളിൽ കയറി പോയി .അത് ചത്ത് പോയി .ഇതൊന്നും അറിയാതെ ഞാൻ കൂട്ടിൽ പോയി നോക്കിയപ്പോൾ താറാവിനെ കാണാനില്ല .എവിടെപ്പോയി എന്ന് ഉമ്മാനോട് ചോദിച്ചപ്പോൾ ഉമ്മ കാര്യം പറഞ്ഞു .ഇതറിഞ്ഞ എനിക്ക് വളരെ സങ്കടം ആയി .വീണ്ടും അങ്ങനെ ദിവസം പലതും കഴിഞ്ഞു പോയി. ഒരു ദിവസം ഉമ്മ പറഞ്ഞു ഈ താറാവ് കുട്ടികളെ വാങ്ങാൻ ഒരാൾ സമ്മതിച്ചിട്ടുണ്ടെന്നു അങ്ങനെ അവർക്കു ഞങ്ങളുടെ താറാവ് കുട്ടികളെ കൊടുത്തു.

**Ayisha Rifa (9A)**



# ❀ അത്യാർത്തി ❀

പുതിയൊരു പാതയിൽ

മനുഷ്യനിതാ സ്വയം മറന്നു ചിന്തിക്കുന്നു

എവിടേക്കാണീ ലോകം

എവിടെ അവസാനിപ്പീനീയർത്തി ?

ഉള്ളതൊന്നും മതിയല്ല

ഏറെ വേണമെന്നാലും മതിയല്ല

ചൊന്നതും തെറ്റ് മനുഷ്യന്

ചൊല്ലാനിരിപ്പതും തെറ്റ്

എനി കർമ്മമല്ലാതെ എന്തൊരു ഒറ്റമൂലി ?

**NAVYA I(8C)**

# അനീതിക്കെതിരെ


മുകുളം

മൊബൈൽ ഫോണിന്റെ കൂർത്ത ശബ്ദം സാറയുടെ കാതുകളിൽ മുഴങ്ങി. അവൾ ജനാലയിലൂടെ കൂട്ടിൽ കളിച്ചിരുത്തിക്കുന്ന പക്ഷികളെ നോക്കിയിരിക്കുകയായിരുന്നു കാലുകൾ തടയാൻ പാകത്തിനുള്ള പാവാട പിടിച്ച്, മുട്ടോളം വരെയുള്ള നീണ്ട മുടി ആട്ടിയുലച്ച് അവൾ മൊബൈലിനു നേരെ ഓടി. അവൾ മൊബൈൽ എടുത്ത് ചോദിച്ചു 'ഹലോ ആരാ'? ഏതോ ഒരു സ്ത്രീയാണ്. അവൾ ആ ശബ്ദം ഇതുവരെ കേട്ടിട്ടില്ല. അവർ സാറയോട് എന്തോ പറഞ്ഞു ഫോൺ വെച്ചു.അവർ പറഞ്ഞത് കേട്ടതും അവളുടെ മുഖം വിളറി, കൈകാലുകൾ വിറക്കാൻ തുടങ്ങി,പ്രകാശപൂരിതമായ ആ കണ്ണുകളിൽ നിന്നും കണ്ണുനീർ വന്നു. അവളുടെ അനിയൻ റഫീഖിനെ പോലീസ് പിടിച്ചത്രേ... അവൻ ഏതോ ലഹരി കേസിൽ അകപ്പെട്ടു. പെട്ടെന്ന് തന്നെ പോലീസ് സ്റ്റേഷനിൽ എത്തണമെന്നാണ് ആ പോലീസ് ഉദ്യോഗസ്ഥ സാറയോട് പറഞ്ഞത്. വിറച്ച കാലുകളുടെ ഉടൻ തന്നെ അവൾ പോലീസ് സ്റ്റേഷനിലേക്ക് പോയി. 'അവൾ ഒരു പോലീസുകാരനോട് ചോദിച്ചു': സാറേ എന്റെ അനിയൻ ഇവിടെയുണ്ട്. റഫീഖ് എന്നാണ് അവന്റെ പേര്. എന്നോട് ഇങ്ങോട്ട് വരാൻ പറഞ്ഞിരുന്നു. അവനെ എന്തിനാ പിടിച്ചുവെച്ചിരിക്കുന്നേ? അവൻ എന്ത് തെറ്റ് ചെയ്തിട്ട 'ദേഷ്യത്തോടെ ആ പോലീസുകാരൻ സാറയോട് പറഞ്ഞു': ' ദേ നോക്ക് കൂടുതൽ ഇങ്ങോട്ട് ഒന്നും പ്രസംഗിക്കേണ്ട. നിങ്ങളുടെ അനിയന്റെ സ്വഭാവം അത്ര ശരിയല്ല. അവൻ ഇപ്പോൾ ലഹരിക്കേസിലെ പ്രതിയാ... 'അടക്കാൻ കഴിയാത്ത കണ്ണുനീരോടെ സാറ പറഞ്ഞു': ന്റെ പടച്ചോനേ..., നിങ്ങൾ എന്താ ഈ പറയുന്നത്? അവൻ അങ്ങനെ ഒന്നും ചെയ്യില്ല. ദയവ് ചെയ്ത് അവനെ അറസ്റ്റ് ചെയ്യല്ലേ... എനിക്ക് അവനല്ലാതെ ആരുമില്ല'. സാറ പറയുന്നത് കേട്ട് അയാൾ വീണ്ടും വഴക്ക് പറഞ്ഞു. എന്തു ചെയ്യണമെന്നറിയാതെ അവൾ അവിടെയുള്ള ബെഞ്ചിൽ ഇരുന്നു. അപ്പോൾ അവിടേക്ക് ഒരാൾ വന്നു ഒരു കോടീശ്വരൻ.'അയാൾ


അവിടത്തെ മേലുദ്യോഗസ്ഥനോട് പറഞ്ഞു': എന്റെ മകന്റെ പേരിലുള്ള കേസ് എങ്ങനെയെങ്കിലും ഒന്ന് തീർക്കണം. അവൻ ഇതിൽ പെടരുത്. ഇങ്ങനെ ലഹരിയുടെ കേസ് ആണെന്ന് നാട്ടിൽ അറിഞ്ഞാൽ നാണക്കേടാ.. പണം ഒരു വിഷയമല്ല എത്ര വേണമെങ്കിലും തരാം'. 'മേലുദ്യോഗസ്ഥൻ അയാളോട് പറഞ്ഞു': 'അതോർത്ത് സാർ വിഷമിക്കേണ്ട. ലൈസെൻസ് ഇല്ലാതെ വണ്ടി ഓടിച്ച കേസിൽ റഫീഖ് എന്ന ഒരു പയ്യൻ പെട്ടിട്ടുണ്ട്. ഇത് നമുക്ക് അവന്റെ തലയിൽ വെച്ചുകെട്ടാം'.. 'അയാൾ ചോദിച്ചു': 'നല്ല സാമ്പത്തികശേഷിയുള്ള വല്ല കുടുംബത്തിലെയുമാണോ ആ പയ്യൻ? അവന്റെ വീട്ടുകാര് പ്രശ്നമാക്കുമോ?' 'മേലുദ്യോഗസ്ഥൻ പറഞ്ഞു:' വലിയ സമ്പത്ത് ഒന്നും ഉള്ള കുടുംബത്തിലെയല്ല, പിന്നെ കുടുംബമെന്ന് പറയാൻ ഒരു ജ്യേഷ്ഠത്തി അല്ലാതെ ആരും ഇല്ല. ഇവരുടെ ഉപ്പയും ഉമ്മയും ഒക്കെ അവര് കുഞ്ഞായപ്പഴേ ഒരു അപകടത്തിൽ മരിച്ചുപോയവരാണ്. അതുകൊണ്ട് ചോദിക്കാനും പറയാനുമൊന്നും ആരുമില്ല.

ഇതെല്ലാം സാറ കേൾക്കുന്നുണ്ടായിരുന്നു. ഇതൊക്കെ കേട്ട് അവൾ ആകെ തളർന്നു. ഒറ്റപ്പെടലിന്റെ വേദന അവൾക്ക് അനുഭവപ്പെട്ടു. എങ്കിലും തന്റെ അനിയൻ റഫീഖിനെ സംരക്ഷിക്കാനായി അവൾ കരുത്താർജ്ജിച്ചു. ഇത് ഒരു കള്ളക്കേസാണെന്നും ഇവിടെ പണത്തിനാണ് പ്രാധാന്യം എന്നും മനസ്സിലാക്കിയ സാറ അണ കെട്ടിയ ദുഃഖത്തോടെ കണ്ണീരൊഴുക്കിക്കൊണ്ട് നിയമത്തിന്റെയും നീതിയുടെയും വഴിതേടി ആ പോലീസ് സ്റ്റേഷനിലെ പടിയിറങ്ങി............

# കൊറോണ എന്ന മഹാമാരി



കൊറോണ കാലം 2021-2022 വർഷങ്ങളിൽ നമുക്ക് ഇടയിൽ കഴിഞ്ഞ് പോയി. ഒരു പാട് മനുഷ്യർ നമ്മിൽ നിന്നും അകന്ന് പോയി. ഒരുപാട് പ്രയാസങ്ങൾ നാം സഹിക്കേണ്ടി വന്നു. മാസ്ക് ധരിച്ചും സാനിറ്റയ്സർ ഉപയോഗിച്ചും നാം ഒരുപാട് കാലം കഴിച്ച് കൂട്ടി. സാധനങ്ങൾ വാങ്ങാൻ പോലും പുറത്ത് ഇറങ്ങാൻ പറ്റാത്ത അവസ്ഥയിൽ നാം കടന്ന് പോയി. ഈ കാലത്തിൽ ഒരുപാട് കുട്ടികൾ മൊബൈൽ ഫോണിന് അടിമയായി വന്നു. സ്കൂളിൽ വരാൻ കഴിയാതെയും കൂട്ടുകാരോട് ഒത്ത് പഠിച്ചും കളിച്ചും രസിച്ചും വളരേണ്ട നമ്മുടെ രണ്ട് വർഷങ്ങൾ മൊബൈൽ ഫോണിന് മുമ്പിൽ ഓൺലൈൻ ക്ലാസായി പഠിക്കേണ്ടി വന്നു. ഈ കൊറോണ കാലം മനുഷ്യർ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വന്നു. ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു അനുഭവമാണ് കൊറോണ നമുക്ക് നൽകിയിരിക്കുന്നത്.




# ജലക്ഷാമം

ആഫ്രിക്കയിലെ ഒരു രാജ്യം വലിയ ജലക്ഷാമം നേരിടുകയായിരുന്നു. ചില ഗ്രാമങ്ങളിലെ ആളുകൾ ദാഹിച്ചു വീഴുന്നുണ്ടായിരുന്നു. രാജാവ് വേവലാതനായി  മന്ത്രിയോട് ഉപായം തേടി. മന്ത്രി പറഞ്ഞു നമുക്ക് രാജ്യത്ത് കുളങ്ങൾ നിർമ്മിക്കാം, നൂറുകുളങ്ങൾ ഒരു പതിനായിരം സ്വർണനാണയങ്ങൾ വേലക്കാരനെ ഏൽപ്പിച്ചു. അങ്ങനെ കുറെ നാളുകൾ കടന്നുപോയി കുളങ്ങൾ ഉണ്ടാക്കി അങ്ങനെ കുറച്ചു ദിവസങ്ങൾ പോയി എന്നാൽ ഈ രാജ്യത്ത് വെള്ളം കളവ് പോകുന്നതായി വാർത്ത പരന്നു. അത് രാജാവിന്റെ അടുക്കലും എത്തി രാജാവ് ആ ഗ്രാമത്തിലേക്ക് പോയി അന്വേഷിച്ചു അവർ പറഞ്ഞു. ഇങ്ങനെ വെള്ളം മോഷ്ടിക്കുന്നത് തെക്കൻ രാജ്യഭാഗത്തുള്ളവരാണെന്ന് പറഞ്ഞു അവിടെ പോയപ്പോൾ ഞങ്ങളുടെ ഈ ഭാഗത്ത് ഒരു സ്രോതസ്സുകളും ഇല്ല അപ്പോൾ രാജാവ് പറഞ്ഞു ഇവിടെ കുളങ്ങൾ ഇല്ലേ ഇല്ല ഇവിടെയൊക്കെ ആരും വന്നിട്ടില്ല അങ്ങനെ വേലക്കാരനോട് ചോദിച്ചപ്പോൾ അദ്ദേഹം സത്യം പറഞ്ഞില്ല അദ്ദേഹത്തെ കൂട്ടി അവിടേക്ക് പോയി അദ്ദേഹം പറഞ്ഞ ഒരു സ്ഥലത്തും കുളങ്ങളില്ല വേലക്കാരനെ ജയിലിൽ അടയ്ക്കാൻ പറഞ്ഞു.



# കഥകളി





കേരളത്തിന്റെ പ്രധാനപ്പെട്ട കലാരൂപമാണ് കഥകളി. അനുഷ്ഠാനകലകളിലെ പല അംശങ്ങളും സമന്വയിപ്പിച്ച് കൊട്ടാരത്ത് തമ്പുരാൻ തുടങ്ങിവെച്ച രാമനാട്ടം ആണ് കഥകളിയായി പരിണമിച്ചത്. കഥകളി സംഗീത സാഹിത്യം ആട്ടക്കഥ സാഹിത്യം എന്ന് അറിയപ്പെടുന്നു. കഥകളി ക്ഷേത്രത്തിൽ വച്ചാണ് നടക്കുന്നത്. കഥകളിയിലെ പ്രധാന വേഷങ്ങളാണ് പച്ച കത്തി കരി താടി മിനുക്ക് എന്നിങ്ങനെ അഞ്ചായി തിരിച്ചിരിക്കുന്നു. അരങ്ങിൽ കഥാപാത്രങ്ങൾ സംസാരിക്കുകയില്ല, പശ്ചാത്തലത്തിൽ നിന്ന് പാട്ടുകാരുടെ പാട്ടിനനുസരിച്ചുള്ള കൈമുദ്രങ്ങൾ കാണിച്ചാണ് അവർ കഥ പറയുന്നത്. കഥകളിയിൽ ഉപയോഗിക്കുന്ന *24* ഹസ്ത മുദ്രകൾക്ക് അടിസ്ഥാനം ഹസ്തലക്ഷണ ദീപിക എന്ന പുരാതന ഗ്രന്ഥമാണ്.

**Thanmaya KK(7C)**

# ചിത്രങ്ങളിലൂടെ





# കാലത്തിന്റെ മാറ്റങ്ങൾ









ഒരു അവധിക്കാലം പെട്ടെന്ന് വന്നു പോയി. ഈ പ്രാവശ്യം ഓണം വളരെ ഗംഭീരമായിരുന്നു വീട്ടുകാരും കുടുംബക്കാരും ഓ എന്ത് രസമായിരുന്നു പോരാത്തതിന് ഓണം പ്രമാണിച്ച് ലീവ് ഉണ്ടായിരുന്നു. ഈ വർഷം എനിക്ക് 20 വയസ്സ് തികയും, ഞാൻ പഠിക്കുന്ന കോളേജിൽ അഞ്ചുദിവസമാണ് ലീവ് തന്നത് പക്ഷേ എന്റെ അനുജൻ പഠിക്കുന്ന സ്ക്കുളിൽ നിന്നും 10 ദിവസം അവധി ലഭിക്കും. എത്ര പെട്ടെന്നാണ് കാലം കടന്നു പോകുന്നത്, അഞ്ചാം ക്ലാസിൽ കുസൃതി കാട്ടി നടന്ന ഞാൻ ഇപ്പോൾ ഡിഗ്രി ചെയ്യ്ത് ഗൗരവത്തിൽ നടക്കുന്നു. ഈ പ്രാവശ്യം ഓണം ആഘോഷിച്ചപ്പോൾ ഞാൻ എന്റെ ചെറുപ്പകാലം ഓർത്തു. ആറിലും അഞ്ചലും ഒക്കെ പഠിക്കുമ്പോൾ കളിക്കുന്ന കള്ളനും പോലീസും കണ്ണുപൊത്തി കളിയും ഒക്കെ കളിക്കാൻ മനസ്സിൽ ഒരു പൂതി തോന്നി. ഇപ്പോൾ എന്റെ മനസ്സ് ഒരുപാട് കൊതിക്കുന്നു. ചെറുപ്പകാലത്ത് വലുതാവാൻ ആയിരുന്നു ആഗ്രഹം കാരണം വലുതായാൽ ഒപ്പം ഫോൺ വാങ്ങി തരും എന്നുള്ള പ്രതീക്ഷയായിരുന്നു മനസ്സിൽ കുട്ടിക്കാലത്തെ കുഞ്ഞു കുഞ്ഞു ഓർമ്മകളാണ് എന്നും എപ്പോഴും എല്ലാവർക്കും മനസ്സിൽ മധുരമായ ഉണർവ് നൽകുന്നത്.

സഹീറ തൻയീം (7C)

# ചിത്രങ്ങളിലൂടെ



# മുത്തശ്ശിയും കാക്കകളും




ഒരു കുന്നിന്റെ ചെരുവിൽ ഉണ്ണിയപ്പം ഉണ്ടാക്കി വിൽക്കുന്ന ഒരു മുത്തശ്ശി ഉണ്ടായിരുന്നു. മുത്തശ്ശിയുടെ വീട്ടിൽ മുത്തശ്ശി ഒറ്റയ്ക്കാണ് താമസം. എന്നും മുത്തശ്ശി ഉണ്ണിയപ്പം ഉണ്ടാക്കി പട്ടണത്തിലെ കടകളിൽ എത്തിച്ചു കൊടുക്കും. ഒരു ദിവസം മറ്റൊരിടത്തു നിന്നും എത്തിയ കുറച്ചു കാക്കകൾ മുത്തശ്ശിയുടെ വീടിനടുത്തെത്തി മുത്തശ്ശി പുറത്ത് അടുപ്പിൽ അപ്പൻ ചുടുന്നത് ഒരു കുറുമ്പൻ കാക്ക കണ്ടു. മുത്തശ്ശി ഒരു പാത്രം എടുക്കാൻ അകത്തേക്ക് പോയ നേരം നോക്കി അവൻ ഒരു അപ്പം എടുത്തു കഴിച്ചു ഹ്മ്മം എന്തൊരു രസം ഒന്നുകൂടി കഴിക്കാം കാക്ക പറഞ്ഞു. മുത്തശ്ശി വരുന്നത് കണ്ട അവൻ പറന്നകന്നു. . ഒരു പാത്രം നിറഞ്ഞതിനാൽ മറ്റൊരു പാത്രം കൂടി എടുക്കാൻ മുത്തശ്ശി അകത്തേക്ക് പോയ സമയം അവൻ കൂട്ടുകാരെ എല്ലാം വരുത്തി എല്ലാവരും ഉണ്ണിയപ്പം മുഴുവനും തിന്നും മുത്തശ്ശി വന്നു നോക്കിയപ്പോൾ പാത്രം കാലി അയ്യോ എന്റെ ഉണ്ണിയപ്പം എല്ലാം എവിടെപ്പോയി ഇവിടെവെച്ച് ഞാൻ സ്ഥിരം പോകുന്നതാണല്ലോ ഇവിടെയുള്ള കിളികൾ ഒന്നും കൊണ്ടുപോകാറില്ല പിന്നെ എവിടെ പോയി

മുത്തശ്ശി പറഞ്ഞു. അപ്പോഴാണ് മുറ്റത്ത് വാഴക്കയ്യിൽ ഒളിച്ചിരിക്കുന്ന കറുമ്പൻ കാക്കയെയും കൂട്ടുകാരെയും മുത്തശ്ശി കണ്ടത് നിങ്ങൾ എന്റെ ഉണ്ണിയപ്പം തിന്നോ? മുത്തശ്ശി ചോദിച്ചു, അവർ പരസ്പരം കലഹിക്കാൻ തുടങ്ങി വേണ്ട വേണ്ട നിങ്ങൾ കലഹിക്കേണ്ട മുത്തശ്ശി പറഞ്ഞു. കറുമ്പൻ കാക്ക പറഞ്ഞു ഇനി കഴിക്കില്ല ഞങ്ങൾ കുറെ യാത്ര ചെയ്തു വന്നതിനാൽ വിശപ്പ് സഹിക്കാൻ പറ്റാതായി അതുകൊണ്ടാ. സാരമില്ല നിങ്ങളോട് ഞാൻ ക്ഷമിച്ചിരിക്കുന്നു നല്ല മുത്തശ്ശി അതിൽ ഒരു കുഞ്ഞു കാക്ക പറഞ്ഞു ഞങ്ങൾ മുത്തശ്ശിയുടെ ഉണ്ണിയപ്പം മുഴുവൻ കഴിച്ചിട്ടും ദേഷ്യപ്പെട്ടിട്ടില്ല വലിയ മനസ്സാണ് മുത്തശ്ശിക്ക്. ആ വലിയ മനസ്സിനെ ഞങ്ങൾ നമിക്കുന്നു. അതുകേട്ട മുത്തശ്ശി പറഞ്ഞു വിശപ്പ് എന്നത് എല്ലാ ജീവജാലങ്ങൾക്കും ഒരുപോലെ ദൈവം കൊടുത്ത വികാരമല്ലേ ഒരു നേരത്തെ വിശപ്പകറ്റാൻ കഴിച്ചതല്ലേ ഞാൻ അങ്ങ് ക്ഷമിച്ചു അവർ എല്ലാവരും മുത്തശ്ശിയോട് നന്ദി പറഞ്ഞു മടങ്ങി.



Sreya P (5B)

# ചിത്രങ്ങളിലൂടെ





# പന്നൂർ എന്റെ നാട്


കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ പതിനഞ്ചാം വാർഡിൽ ഉൾപ്പെട്ട പ്രദേശത്താണ് ഞാൻ താമസിക്കുന്ന പന്നൂർ ഉള്ളത്. പന്നൂർ വളരെ നല്ലൊരു ഗ്രാമപ്രദേശമാണ്. ആൾക്കാർ വളരെ ഒത്തൊരുമയും സ്നേഹവും കരുണയും ഒക്കെ ഉള്ളവരാണ്. ഇവിടെ എല്ലാവർക്കും പരസ്പരം അറിയാം. കുറെയധികം ക്ലബ്ബുകളും ഇവിടെയുണ്ട്. ബാലസംഘ സംഘടനയും പന്നൂരിൽ ഉണ്ട്. പണ്ട് അത്ര പേര് കേട്ട നാട് ഒന്നുമല്ലായിരുന്നു പന്നൂർ. പക്ഷേ ഇപ്പോൾ ദിവസങ്ങൾ കഴിയുംതോറും പുരോഗമിച്ചു വരുന്ന നാടാണ് പന്നൂർ. പന്നൂർ അങ്ങാടി ഒരു ജംഗ്ഷനാണ്. കുറെയധികം സ്ഥാപനങ്ങളും ആരോഗ്യ സ്ഥാപനങ്ങളും ലൈബ്രറിയും പീടികകളും സൂപ്പർമാർക്കറ്റും മികവേറ്റ് സ്കൂളുകളും

കളിക്കാൻ ടർഫും സുരക്ഷയോടെ
കൂടിയ കുളങ്ങളും പന്തൂരിൽ ഉണ്ട്.
പ്രശസ്തരായ സാഹിത്യകാരന്മാർ
ഉള്ളതും കായിക മേഖലയിൽ മികവുറ്റ
വരും ഉള്ള പ്രദേശമാണ് പന്തൂർ. എന്റെ
പന്തൂർ എനിക്ക് വളരെ ഇഷ്ടമാണ്
ഇത്രയും കാരണങ്ങൾ കൊണ്ട് തന്നെ
പന്തൂരിൽ ജനിക്കാൻ കഴിഞ്ഞതിൽ
ഞാൻ അഭിമാനിക്കുന്നു.

അമിത് സ് കുമാർ (7C)



# ചിത്രങ്ങളിലൂടെ





# സൂപ്പർ കരടി

സൂപ്പർ കരടി മുയലിന്റെ വീട്ടിൽ പോയി. ആരെയും കണ്ടില്ല വീട് പൂട്ടി കിടക്കുകയായിരുന്നു. അപ്പോൾ സൂപ്പർ കരടി ചുറ്റിലും നോക്കി, അപ്പോൾ അത്തിമരത്തിന്റെ മുകളിൽ മിട്ടു മുയൽ ഇരിക്കുന്നു, കരടി ചോദിച്ചു നീ എന്താ മരത്തിന്റെ മുകളിൽ ഇരിക്കുന്നത്? അപ്പോൾ മിട്ടു പറഞ്ഞു എന്നെ പുള്ളിപ്പുലി ഓടിച്ചത് അതുകൊണ്ട് പുലിയെ പേടിച്ച് ഞാൻ മരത്തിൽ കയറിയതാണ്, എന്നാൽ ഞാൻ പപ്പു കഴുതയുടെ അടുത്ത് പോയി എന്തെങ്കിലും ഉപായം നോക്കാം. അങ്ങനെ കരടി പപ്പുവിന്റെ വീട്ടിലെത്തി പപ്പുവിനോട് കാര്യങ്ങൾ പറഞ്ഞു അപ്പോൾ അവൻ എനിക്ക് ഒരു ഏണി തന്നു ഏണിയുമായി സൂപ്പർ കരടിയും പപ്പു കഴുതയും കൂടി മിട്ടുമുയലിന്റെ മരത്തിനടുത്ത് എത്തി.

സൂപ്പർ കരടി ഏണിപിടിച്ച് മുകളിൽ കയറി മുയലിനെ രക്ഷിച്ചു അവർക്ക് സന്തോഷമായി. പിന്നെ അവർ മൂന്നു പേരും കൂടി കളിച്ചു, സന്ധ്യയായപ്പോൾ അവർ ഓരോരുത്തരും വീട്ടിൽ പോയി.

Nidha fathima KP(6A)



# വിശപ്പിന്റെ വില



ഒരു ദിവസം മിന്നു പൂമ്പാറ്റ പാറി നടക്കുകയായിരുന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ വിശക്കാൻ തുടങ്ങി. ഒത്തിരി പൂവുകളുടെ പൂന്തേം ചോദിച്ചു ആരും മിന്നു പൂമ്പാറ്റയ്ക്ക് പൂന്തേൻ കൊടുത്തില്ല. തളർന്നത് നിലത്ത് വീണു. ചിന്നു എന്ന കുട്ടി ആ വഴിയിലൂടെ നടക്കുകയായിരുന്നു അപ്പോഴാണ് മിന്നു പൂമ്പാറ്റയെ ശ്രദ്ധയിൽപ്പെട്ടത്. ചിന്നുവിന് അത് കണ്ടപ്പോൾ സങ്കടമായി ചിന്നു മിന്നു പൂമ്പാറ്റ എടുത്തിട്ട് ചോദിച്ചു നിനക്ക് എന്താണ് പറ്റിയത്? മിന്നു പൂമ്പാറ്റ നടന്ന സംഭവങ്ങൾ എല്ലാം പറഞ്ഞു കൊടുത്തു ചിന്നു തന്റെ പൂന്തോട്ടത്തിലേക്ക് മിന്നുവിനെ കൊണ്ടുപോയി മിന്നുവിന് ആവശ്യമുള്ള

അത്ര പൂന്തേൻ കൊടുത്തു. മിന്നു ചിന്നുവിനോട് ഒത്തിരി നന്ദി പറഞ്ഞിട്ട് വാനിലേക്ക് ഉയർന്നു പറന്നു.

**Anamika (8B)**



# മാമ്പഴക്കാലം



പണ്ട് പണ്ട് ഒരിക്കൽ ഒരു ദിവസം ഒരു ഗ്രാമത്തിൽ എല്ലാ കുട്ടികളും ഒത്തുചേർന്ന് കളിക്കുകയായിരുന്നു. അവർ കളിക്കുന്ന സ്ഥലത്ത് ഒരു മാവ് ഉണ്ടായിരുന്നു. മാവിൽ ആണെങ്കിൽ നിറയെ മാമ്പഴങ്ങളും ഉണ്ട്. അങ്ങനെയിരിക്കുമ്പോൾ ആണ് അവിടെ ഉണ്ടായിരുന്ന ഒരു കുട്ടി മറ്റു കുട്ടികളോട് പറഞ്ഞു, നമുക്ക് ആ മാവിലെ മാങ്ങ പറിച്ചാലോ. അപ്പോൾ ആ കുട്ടികളെല്ലാവരും മാവിന്റെ അടുത്തെത്തി. എങ്ങനെ അവർ മാങ്ങ എങ്ങിനെ പറിക്കും എന്ന ആലോചനയിലായി. അതിൽ ഒരു കുട്ടി

പറഞ്ഞു നമുക്ക് വടിയോ കല്ലോ ഉപയോഗിച്ച് എറിയാം. എല്ലാവരുംകൂടി കല്ലുകളും കമ്പുകളും പെറുക്കി മാങ്ങകളിലേക്ക് എറിഞ്ഞു.എല്ലാവർക്കും മാങ്ങകൾ ലഭിച്ചു അയലത്തെ വീട്ടിൽ നിന്നും അവർ ഉപ്പും മുളകും ഒക്കെ എടുത്ത് മാങ്ങ കഴുകി വന്ന് എല്ലാവരും മാങ്ങകഴിച്ചു.അങ്ങനെ ആ മാമ്പഴക്കാലം എല്ലാവരും ആസ്വദിച്ചു.

Parvana(6D)



# മാതൃസ്നേഹം



കുഞ്ഞുനാളിൽ എന്നെ താരാട്ട് പാടി ഉറക്കി
വളർത്തിയെന്നമ്മ
പുലർച്ച നേരത്തെ എഴുന്നേൽക്കുമെന്നമ്മ
എനിക്കിഷ്ടമുള്ള ഭക്ഷണം പാചകം ചെയ്യുമെന്നമ്മ
കരിമഷി എഴുതിയ കണ്ണിണയാൽ
പള്ളിക്കൂടത്തിൽ അയക്കുമെന്നമ്മ
എൻ കണ്ണിൽനിന്ന് കണ്ണീർ പൊഴിഞ്ഞാൽ
എനിക്ക് വേണ്ടി കണ്ണീർ പൊഴിചീട്ടും
കിളിയിൻ തൂവൽ പോലെ താലോലിച്ചിട്ടും
കേട്ടോളിൻ കൂട്ടരെ അമ്മയെക്കാൾ പോരാളി
മറ്റാരുമില്ല
എൻ കവിളിൽ ഒരു മണിമുത്തം
നൽകീടുമെന്നമ്മ
അമ്മയ്ക്ക് പകരം വയ്ക്കാൻ ആവില്ല മറ്റൊരാൾക്കും

Amna fathima(6B)

# ദുരാഗ്രഹം

മനുഷ്യരുടെ ആഗ്രഹങ്ങൾ
ദുരാഗ്രഹങ്ങൾ തന്നെ
അവർ ചിന്തിക്കുന്നതും തെറ്റ്
അവരുടെ കാഴ്ചപ്പാടുകളും തെറ്റ്
പണത്തിനു വേണ്ടി മനുഷ്യർ
രക്തബന്ധങ്ങൾ മറക്കുന്നു.
സ്വത്തിനുവേണ്ടി ദുഷ്ടത കാട്ടുവാൻ
ഒട്ടും മടിയില്ല മനുഷ്യർക്ക്
കിട്ടിയാലും കിട്ടിയാലും വീണ്ടും വീണ്ടും
എന്നുള്ള ദുരാഗ്രഹം
എന്നാൽ സ്നേഹിക്കുന്നതോ
പണത്തിനു വേണ്ടി.

Sree Durga (8B)


# ചിത്രങ്ങളിലൂടെ



# ചിത്രങ്ങളിലൂടെ



# ചിത്രങ്ങളിലൂടെ





# എന്റെ വീട്ടിലെ ഓമന തത്ത

ഒരു ദിവസം രാവിലെ ഞാൻ എന്റെ ദിനചര്യകൾ എല്ലാം ചെയ്ത ഒരു പത്തുമണി ആയപ്പോൾ ഉമ്മറ തിരിക്കുകയായിരുന്നു. അപ്പോൾ ഒരുകൂട്ടം കാക്കകൾ ഒരു തത്തയെ ഉപദ്രവിക്കുന്നതായി എന്റെ ശ്രദ്ധയിൽപ്പെട്ടു. അതിനെ കാക്കകൾ കൊത്തി അവശനാ ക്കിയിരുന്നു . സങ്കടം തോന്നിയ ഞാൻ ഒരു പഴത്തിന്റെ കഷണം നീട്ടി വിളിച്ചു. അവശത കൊണ്ട് കാക്കകളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയാവണം തത്ത പറന്നു വന്ന് എന്റെ വിരൽത്തുമ്പിൽ നിന്ന് അത് കൊത്തിയെടുത്തു പറഞ്ഞു. പിന്നീട് ഒരു 12 മണി ആയപ്പോൾ വീണ്ടും അത് അതേ സ്ഥലത്ത് വന്നു. അപ്പോൾ ഞാൻ എന്റെ ഉള്ളംകയിലാണ് പഴക്കഷണം വെച്ച് നീട്ടിയത് ഉടനെ അത് പറന്ന് എന്റെ കയ്യിൽ വന്നു ആ സമയം ഞാൻ അതിനെ പിടിച്ച ഒരു കൂട്ടിലാക്കി അതിന് പാലും പഴവും കടലയും എനിക്കിഷ്ടപ്പെട്ട നുറുക്ക് പോലുള്ള ഭക്ഷണ വസ്തുക്കളും നൽകി. കുളിപ്പിച്ച് സുന്ദരിയാക്കി. ഇപ്പോൾ വർത്തമാനം പറയുകയും ഒറ്റയിടുകയും നമ്മൾ സംസാരിച്ചത് ശ്രദ്ധയോടെ കേൾക്കുകയും ചെയ്യും. ഇരുട്ടാവുമ്പോൾ മിണ്ടാതെ കിടന്നുറങ്ങുകയും നേരം പുലർച്ചെ അവൾ വീണ്ടും സംസാരം തുടങ്ങുകയും ചെയ്യുന്നു. ആ സുന്ദരി തത്തയെ ഞാൻ എന്റെ വീട്ടിനുള്ളിൽ തുറന്നു വിടാറുണ്ട്. എന്നാലും തത്തക്ക് ആവശ്യം സ്വാതന്ത്ര്യമാണ്. ഇന്ന് എന്റെ ഓമന തത്തയായി അവൾ വീട്ടിൽ വിലസുന്നു. അവൾ തത്തമ്മയെ പൂച്ച പൂച്ച ഉമ്മാന്റെ മുത്തേ എന്റെ പടച്ചോനെ എന്ന ശബ്ദമെല്ലാം ഉണ്ടാകും.

Fathima Sherin (9A)